നാട്ടിക ഫയർ സ്റ്റേഷൻ

217 (6367) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാട്ടികയിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഭൂമി ലഭ്യമാക്കുന്ന നടപടി പൂർത്തിയായിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ;

(ബി) ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നാട്ടിക വില്ലേജിൽ റവന്യൂ വകുപ്പ് വിട്ടുനൽകിയ ഭൂമി ഫയർ & റെസ്ക്യൂ വകുപ്പ് ഏറ്റെടുക്കുന്ന നടപടി പൂർത്തിയായിട്ടുണ്ടോ ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) ഫയർ & റെസ്ക്യൂ വകുപ്പ് ഭൂമി ഏറ്റെടുക്കൽ നടപടി എത്രയും വേഗം പൂർത്തിയാക്കി എൽ.എ.സി.എ.ഡി.എഫ്.-ൽ നിന്നനുവദിച്ച തുക വിനിയോഗിച്ച് ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) നാട്ടിക ഫയർ സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിനായി സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 395/13/റവ. തീയതി 13-9-2013 പ്രകാരം ചാവക്കാട് താലൂക്കിൽ നാട്ടിക വില്ലേജിൽ സർവ്വേ നമ്പർ 321/3-ൽ ഉൾപ്പെട്ട 50 സെന്റ് സ്ഥലം കൈമാറി ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഭൂമി വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്.

(സി) കെട്ടിട നിർമ്മാണത്തിനായുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

നാദാപുരം ഫയർ & റെസ്ക്യൂ സ്റ്റേഷനിൽ വാഹനങ്ങളുടെ ദൗർലഭ്യം

218 (6368) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാദാപുരം നിയോജകമണ്ഡലത്തിലെ നാദാപുരം ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ഫയർ & റെസ്ക്യൂ സ്റ്റേഷനിൽ അവശ്യ വാഹനങ്ങളുടെ ദൗർലഭ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിലവിലുള്ള വാഹനങ്ങൾ കാലപ്പഴക്കത്താൽ ഉപയോഗിക്കാൻ പറ്റാത്തതാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത ഫയർ സ്റ്റേഷനിലെ വാഹനങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നാദാപുരം ഫയർ & റെസ്ക്യൂ സ്റ്റേഷനിൽ താഴെ പറയുന്ന വാഹനങ്ങളാണ് നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്.

വാട്ടർ ടെണ്ടർ	1 എണ്ണം	ടാറ്റാ 1991 മോഡൽ
വാട്ടർ ടെണ്ടർ	1 എണ്ണം	അശോക് ലെയ്ലാന്റ് 2000 മോഡൽ
ജീപ്പ്	1 എണ്ണം	ടാറ്റാ 2011 മോഡൽ

(ബി & സി) പുതുതായി വാഹനങ്ങൾ ലഭ്യമാവുന്ന മുറയ്ക്ക് നാദാപുരം ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനിലേക്ക് അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

മലപ്പുറം ഫയർ സ്റ്റേഷൻ നവീകരണം

219 (6369) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ഫയർ സ്റ്റേഷനിൽ ഉപയോഗിക്കുന്ന വാഹനങ്ങൾ കാലപ്പഴക്കം ചെന്നതാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഫയർ സ്റ്റേഷനിലേക്ക് പുതുതായി വാട്ടർ ടെൻഡർ, മൊബൈൽ ടാങ്ക് യൂണിറ്റ് എന്നിവ അനുവദിക്കാൻ സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മലപ്പുറം ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനിൽ നിലവിൽ ഉപയോഗിക്കുന്ന വാഹനങ്ങളുടെ വിശദാംശങ്ങൾ ഇപ്രകാരമാണ് :

വാട്ടർ ടെണ്ടർ	1 എണ്ണം	2004 മോഡൽ
മിനി വാട്ടർ ടെണ്ടർ	1 എണ്ണം	2005 മോഡൽ
കിക്ക് റെസ്പോൺസ് വെഹിക്കിൾ	1 എണ്ണം	2011 മോഡൽ
മോട്ടോർ ബുള്ളറ്റ് വിത്ത് വാട്ടർ മിസ്റ്റ്	1 എണ്ണം	2011 മോഡൽ
ജീപ്പ്	1 എണ്ണം	2011 മോഡൽ

(ബി) പുതുതായി വാട്ടർ ടെണ്ടറുകൾ (മൊബൈൽ ടാങ്ക് യൂണിറ്റ്) ലഭ്യമാകുന്ന മുറയ്ക്ക് മലപ്പുറം ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനും അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly